## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6603** **11-07-2024 - ൽ മറുപടിയ്ക്ക്**

## പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്കായി ഭൂമി ഏറ്റെടുക്കൽ നടപടികളിൽ റിക്വിസിഷൻ അതോറിറ്റിയായ പൊതുമരാമത്ത് വകുപ്പ്, ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിന് സർവെ ജോലികൾ ആരംഭിക്കുകയും പിന്നീട് ഭൂമി ഏറ്റെടുക്കൽ നടപടിക്ക് വേണ്ടി സർവെ സബ്ബ് ഡിവിഷൻ സ്കെച്ചുകൾ തയ്യാറാക്കുന്നതിന് സർവെ ഡിപ്പാർട്ട്മെന്റ് മുഖേന സർവെ ചെയ്യുന്നതും മൂലം ഭൂമി ഏറ്റെടുക്കൽ നടപടികളിൽ രണ്ട് ഘട്ടങ്ങളിലായി സർവെ ജോലികൾ ചെയ്യേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടി ഈ രണ്ടു ജോലികളും ഒരൊറ്റ സർവെ വിഭാഗത്തിനെക്കൊണ്ട് ചെയ്യിക്കുന്നതിനു നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് മുൻപായി തന്നെ പൊതുമരാമത്ത് വകുപ്പിൽ നിന്നും സർവ്വേ നടത്തി അലൈൻമെന്റ് നിർണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത സർവ്വേയിൽ റോഡിന്റെ അലൈൻമെന്റ് മാത്രമാണ് നിശ്ചയിക്കുന്നത്. മേൽ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കുന്നത്. തുടർന്ന് LA നടപടിക്രമങ്ങളുടെ ഭാഗമായി സർവ്വേ നടത്തി സബ്ഡിവിഷൻ സ്കെച്ച് തയ്യാറാക്കി ഓരോ സർവ്വേ നമ്പരിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമി സംബന്ധിച്ച് വ്യക്തത വരുത്തുന്നത് റവന്യൂ വകുപ്പിലെ താലൂക്ക് സർവേയറുടെ മേൽ നോട്ടത്തിലാണ്. ഈ രണ്ട് സർവ്വേകളും വ്യത്യസ്തമായ ഉദ്ദേശ്യത്തിന് വേണ്ടി രണ്ട് വിഭാഗങ്ങൾ നടപ്പിലാക്കുന്നതിനാൽ ആയത് ഒരൊറ്റ വിഭാഗത്തെ കൊണ്ട് ചെയ്യിപ്പിക്കുന്നത് പ്രായോഗികമല്ല. ഈ ഏറ്റെടുക്കൽ നടപടിയിൽ കാലതാമസം വരാതിരിക്കാൻ വകുപ്പുകൾ തമ്മിലുള്ള കോ ഓർഡിനേഷൻ നിലവിൽ ഡി.ഐ.സി.സി. മുഖേന ഉറപ്പാക്കുന്നുണ്ട്. |
| (ബി) | രണ്ട് ഘട്ടങ്ങളിലായി രണ്ട് വിഭാഗം സർവെയർമാർ സർവെ ജോലികൾ ചെയ്യുന്നത് തുടർ നടപടികൾക്ക് കാലതാമസവും തടസ്സവും സൃഷ്ടിക്കുന്നതിനാൽ ഈ രണ്ടു സർവെകളും ഒരു വകുപ്പിനു നൽകി ഭൂമി ഏറ്റെടുക്കൽ സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് മുൻപായി തന്നെ പൊതുമരാമത്ത് വകുപ്പിൽ നിന്നും സർവ്വേ നടത്തി അലൈൻമെന്റ് നിർണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത സർവ്വേയിൽ റോഡിന്റെ അലൈൻമെന്റ് മാത്രമാണ് നിശ്ചയിക്കുന്നത്. മേൽ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കുന്നത്. തുടർന്ന് LA നടപടിക്രമങ്ങളുടെ ഭാഗമായി സർവ്വേ നടത്തി സബ്ഡിവിഷൻ സ്കെച്ച് തയ്യാറാക്കി ഓരോ സർവ്വേ നമ്പരിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമി സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | വ്യക്തത വരുത്തുന്നത് റവന്യൂ വകുപ്പിലെ താലൂക്ക് സർവേയറുടെ മേൽ നോട്ടത്തിലാണ്. ഈ രണ്ട് സർവ്വേകളും വ്യത്യസ്തമായ ഉദ്ദേശ്യത്തിന് വേണ്ടി രണ്ട് വിഭാഗങ്ങൾ നടപ്പിലാക്കുന്നതിനാൽ ആയത് ഒരൊറ്റ വിഭാഗത്തെ കൊണ്ട് ചെയ്യിപ്പിക്കുന്നത് പ്രായോഗികമല്ല. ഈ ഏറ്റെടുക്കൽ നടപടിയിൽ കാലതാമസം വരാതിരിക്കാൻ വകുപ്പുകൾ തമ്മിലുള്ള കോ ഓർഡിനേഷൻ നിലവിൽ ഡി.ഐ.സി.സി. മുഖേന ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ